പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 924 — 20/03/2013-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികൾ

ചോദ്യം — മറുപടി

ശ്രീ.എം.വി.ശ്രേയാംസ് കുമാർ
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. പി.സി.ജോർജ്ജ്
ഡോ. എൻ.ജയരാജ്

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാമാണ്; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ (പ്ളാൻ) ഫണ്ട്, കോർപ്പസ് ഫണ്ട്, അടിയ-പണിയ പാക്കേജ് പദ്ധതി എന്നീ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയും ആദിവാസി പുനരധിവാസ വികസന മിഷൻ എന്നിവ മുഖേനയും 13-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം ലഭിച്ച ഫണ്ട് ഉപയോഗിച്ച് പ്രത്യേക ദുർബല ഗോത്ര വിഭാഗത്തിൽപ്പെട്ടവർക്കും നിലവിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു വരുന്നു. കൂടാതെ ത്രിതല പഞ്ചായത്തുകൾ വഴി ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരവും പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിക്കുന്നുണ്ട്. |
| (ബി) | ഇപ്രകാരം നടപ്പാക്കിയ ഭവന നിർമ്മാണ പദ്ധതികൾ യഥാസമയം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നല്കുമോ; | (ബി) | പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണ പദ്ധതിയുടെ പുരോഗതി ജില്ലാതലത്തിൽ കളക്ടറുടെ മേൽ നോട്ടത്തിലും സംസ്ഥാന തലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പദ്ധ്യക്ഷന്റെ മേൽ നോട്ടത്തിലും വിലയിരുത്താറുണ്ട്. ഭവന നിർമ്മാണത്തിന്റെ ഓരോ ഘട്ടവും പരിശോധിച്ച് സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഭവന നിർമ്മാണത്തിന്റെ ഓരോ ഗഡുക്കളും അനുവദിച്ച് വരുന്നത്. കൂടാതെ എല്ലാ മാസവും പട്ടികവർഗ്ഗ വികസന വകുപ്പു ഡയറക്ടർ, ജില്ലാതല ആഫീസർമാരുടെ യോഗത്തിൽ ഭവന നിർമ്മാണം മുഖ്യ അജണ്ടയായി ഉൾപ്പെടുത്തി പുരോഗതി ചർച്ച ചെയ്ത് സമയബന്ധിതമായി നടപ്പാക്കുന്നതിന് നിർദ്ദേശം നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പട്ടികവർഗ്ഗങ്ങൾക്കായുള്ള ഭവന നിർമ്മാണ പദ്ധതികൾ ഓരോന്നിനും അനുവദിക്കുന്ന തുക എത്ര വീതമാണ്; ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കുന്നതിന് പ്രസ്തുത തുക പര്യാപ്തമാണോ; വിശദാംശങ്ങൾ നൽകുമോ; | (സി) | പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണ പദ്ധതിക്കായി 2.50 ലക്ഷം രൂപയാണ് അനുവദിച്ച് വരുന്നത്. പട്ടികവർഗ്ഗക്കാർ ബഹുഭൂരിപക്ഷവും അതീവ ദുർഘട പ്രദേശങ്ങളിലും വനാന്തരങ്ങളിലുമാണ് താമസിച്ചു വരുന്നത്. ഇത്തരം സ്ഥലങ്ങളിൽ വീട് വെക്കുന്നതിനുള്ള സാധന സാമഗ്രികൾ എത്തിക്കുന്നതിന് വേണ്ടിവരുന്ന അധിക ചെലവുകളും, നിലവിലുള്ള സാധന സാമഗ്രികളുടെ വർദ്ധിച്ച വിലയും കൂലിച്ചെലവും കാരണം അനുവദിച്ചു വരുന്ന തുക ഉപയോഗിച്ച് നിർദ്ദിഷ്ട സൗകര്യങ്ങളോടു കൂടിയതും 325 ചതുരശ്ര അടിയിൽ കുറയാത്തതുമായ വീടുകൾ നിർമ്മിച്ച് പൂർത്തീകരിക്കുന്നതിന് പ്രയാസം നേരിടുന്നതിനാൽ പ്രത്യേക ദുർബല ഗോത്രവിഭാഗക്കാരുടെ ഭവന നിർമ്മാണത്തിന് നിലവിലെ നിരക്കായ 2.50 ലക്ഷത്തിന് പുറമെ ട്രാൻസ്പോർട്ടേഷൻ അലവൻസായി 1 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്. |
| (ഡി) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന നിർമ്മാണ പദ്ധതികൾ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഡി) | സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ